Draft #4 of File 10022/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 01-Nov-2019 06:25 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പൊതു സ്ഥലംമാറ്റം - മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട വിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്നത് - സംബന്ധിച്ച്.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 5385/AD A 3/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.11.2019

---

പരാമർശം:-1) ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 04.02.2019 തീയതിയിലെ 27/കെ1/19/ഉ.വി.വ. നമ്പർ കത്ത്

2) സ.ഉ.(പി)നം. 3/2017/ഉ.ഭ.പ.വ. തീയതി, 25.02.2017

3) സ.ഉ.(പി)നം. 18/2017/ഉ.ഭ.പ.വ. തീയതി, 29.08.2017

4) 05.10.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 46/19.08/DDFS-10022/2019

**ഉത്തരവ്**

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലമാറ്റവും നിയമനവും സംബന്ധിച്ച നിലവിലുള്ള പരാമർശം (2),(3) സർക്കാർ ഉത്തരവുകളുടെ ആനുകൂല്യം സർവകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാർക്ക് നിലവിൽ ബാധകമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഇല്ലെങ്കിൽ ആയതു ബാധകമാക്കുന്നതു സംബന്ധിച്ചുള്ള അഭിപ്രായം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമാക്കണമെന്നും പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന പരാമർശം (2) ഉത്തരവും സ്ഥലം മാറ്റത്തിനും നിയമനത്തിനും മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട വിഭാഗങ്ങളിൽ 60 % നു മേൽ ഡിസബിലിറ്റി ഉള്ളവർക്ക് 5 വർഷത്തേക്ക്പൊതുസ്ഥലംമാറ്റത്തിൽ സംരക്ഷണം നൽകുന്നതോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60 % നു മേൽ ഡിസബിലിറ്റി ഉള്ളവർ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലം മാറ്റം നടത്തിയാൽ മതിയാകും എന്ന് കൂടി ചേർത്ത പരാമർശം (3) ഭേദഗതി ഉത്തരവും സർവകലാശാലയിൽ നടപ്പിൽ വരുത്തിയിട്ടില്ലാത്തതിനാൽ സർവകലാശാലയുടെ സാഹചര്യത്തിന് അനുസൃതമായി നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ സർക്കാർ ഉത്തരവിലെ ഭിന്നശേഷിക്കാർക്ക് ബാധകമായ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നത് പരിഗണിക്കുന്നതിനായി 29.08.2019 തീയതിയിൽ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നൽകിയിരുന്നു.

05.10.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മേൽ വിഷയം പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനം എടുക്കുകയുമുണ്ടായി.

"പ്രസ്തുത വിഷയത്തിൽ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാറുടെ പേർസണൽ അസ്സിസ്റ്റന്റ് (രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി)
3. എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ്
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/4/ഓഡിറ്റ് 1/4/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 10022/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 01-Nov-2019 06:25 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം